# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6132

04.07.2019- ൽ
മറുപടിയ്ക്ക്

**കാസർഗോഡ് ബേഡഡുക്ക വില്ലേജിലെ സർവ്വേ 82/9 ൽപെട്ട സ്ഥലം**

ചോദ്യം
ശ്രീ. എൻ .എ.നെല്ലിക്കുന്ന്

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക വില്ലേജിൽ എൽ.എ. 214/85 പ്രകാരം സർവ്വേ നമ്പർ 82/9 ൽ പ്പെടുന്ന 51 സെന്റ് സ്ഥലം ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് പതിച്ചു കൊടുത്ത സ്ഥലമാണോ; ആണെങ്കിൽ എപ്പോഴാണ് പതിച്ചുകൊടുത്തതെന്നും ആർക്കാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(സി) പതിച്ചുകൊടുത്ത ആൾക്ക് രേഖ കൈമാറിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(എ) & (ബി) & (സി) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക വില്ലേജിൽ സർവ്വെ നമ്പർ 821/9-ൽപ്പെട്ട 20.647 ആർ ഭൂമിയ്ക്ക് 23.7.1990 തീയതിയിലെ എൽ.എ 214/85 നമ്പർ പ്രകാരം പതിവ് ഉത്തരവ് ശ്രീ.എച്ച്.മലിൻഗൻ എന്നയാൾക്ക് നൽകിയിരുന്നു. ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ 15.12.2018 ലെ എൽ.എ.214/85/ബേഡഡുക്ക പ്രകാരം ശ്രീ.മലിൻഗന്റെ അവകാശികളായ ശ്രീ.മധുസൂദനൻ.എം, കമലാ.എം, സനിത.കെ & കാർത്തിക.കെ എന്നിവർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഡി) ഈ സ്ഥലം ഇപ്പോൾ ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ അധീനതയിലാണോ എന്ന് വ്യക്തമാക്കാമോ; ആണെങ്കിൽ പ്രസ്തുത വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരുവിവരം വിശദമാക്കാമോ; എത്രവർഷമായി ഈ സ്ഥലം ഇവരുടെ അധീനതയിലെന്ന് വ്യക്തമാക്കാമോ;

(ഡി) ടി വസ്തു വർഷങ്ങളായി ജി.എച്ച്.എസ്.എസ്.കുണ്ടംകുഴി എന്ന സ്ഥാപനത്തിന്റെ കൈവശത്തിലാണ്.

(ഇ) അർഹരായ അവകാശികൾക്ക് സ്ഥലത്തിന്റെ രേഖ കൈമാറാൻ തയ്യാറാകുമോ എന്നും ഇത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും രേഖ എപ്പോൾ കൈമാറുമെന്നും വ്യക്തമാക്കാമോ?

(ഇ) ശ്രീ.മലിൻഗന്റെ അവകാശികളായ ശ്രീ.മധുസൂദനൻ.എം, കമല.എം, സനിത.കെ, കാർത്തിക.കെ എന്നിവർക്ക് 15.12.2018 ലെ എൽ.എ.214/85 പ്രകാരം 17/12/2018- തീയതിയിൽ ടി ഭൂമിയ്ക്ക് പട്ടയം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ